# ജമാഅത്തെ ഇസ്‌ലാമിയും മുസ്‌ലിം സമുദായവും

‘ജമാഅത്തെ ഇസ്‌ലാമി കേരളത്തിലെ മുസ്‌ലിം സമുദായത്തിന് പ്രസ്താവ്യമായ സംഭാവനകളൊന്നും നൽകിയിട്ടില്ല’. കേരള നദ്‌വത്തുൽ മുജാഹിദീൻ പ്രസിദ്ധീകരിച്ച ‘ഇസ്‌ലാമും കേരളത്തിലെ സാമൂഹിക പരിവർത്തന പ്രസ്ഥാനങ്ങളും’ എന്ന പുസ്തകത്തിൽ ഇങ്ങനെ വായിക്കാൻ ഇടയായി. ഇത് എത്രമാത്രം വാസ്തവമാണ്?’’ എന്ന ചോദ്യത്തിന് ജമാഅത്തെ ഇസ്‌ലാമിയുടെ ഔദ്യോഗിക വെബ്സൈറ്റ് നൽകുന്ന മറുപടിയുടെ ഒരു ഭാഗമാണ് താഴെ കൊടുത്തിരിക്കുന്നത്.

> സ്വന്തം പ്രസ്ഥാനത്തെ വലുതാക്കിക്കാട്ടാൻ ഇതര പ്രസ്ഥാനങ്ങളെ ഇടിച്ചു താഴ്ത്തുക മനുഷ്യരുടെ സാമാന്യ ദൗർബല്യമാണ്. പക്ഷേ, ജമാഅത്തെ ഇസ്‌ലാമിയിൽനിന്ന് വ്യത്യസ്തമായ എന്തു സേവനങ്ങളാണ് മുജാഹിദ് പ്രസ്ഥാനക്കാർ കേരളത്തിൽ ചെയ്തതെന്ന് ഒരു ബുദ്ധിജീവി എന്ന നിലയിലെങ്കിലും പുസ്തകകർത്താവ് ആലോചിക്കാതിരുന്നത് ഉചിതമായില്ല. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ കേരളത്തിൽ പൊരുതിയത് ഇന്നുള്ള മുജാഹിദ് സംഘടനയല്ല; മുൻ ഇസ്‌ലാഹീ പ്രസ്ഥാനമാണ്. അതാകട്ടെ ജമാഅത്തെ ഇസ്‌ലാമിക്കുംകൂടി അവകാശപ്പെടാൻ ഒരു വിരോധവുമില്ലാത്തതാണ്താനും. 1944-ലാണ് കേരളത്തിൽ ജമാഅത്ത് പ്രവർത്തനമാരംഭിച്ചത്. അതിനുമുമ്പ് അതിന്റെ നേതാക്കൾ ഇസ്‌ലാഹീ പ്രസ്ഥാനത്തിൽ പ്രവർത്തിച്ചവരാണ്. ജമാഅത്തെ ഇസ്‌ലാമി നിലവിൽവന്നശേഷവും ശിർക്ക്-ബിദ്അത്തുകൾക്കെതിരെ ഫലപ്രദമായി പ്രവർത്തിക്കുകയും അക്കാരണത്താൽ അത് യാഥാസ്ഥിതിക പൗരോഹിത്യത്തിന്റെ എതിർപ്പുകളെ നിരന്തരം ഏറ്റു വാങ്ങുകയും ചെയ്തിട്ടു്.

അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ പൊരുതിയത് ഇന്നുള്ള മുജാഹിദ് പ്രസ്ഥാനല്ല; മുൻ ഇസ്‌ലാഹി പ്രസ്ഥാനമാണ്; അതിൽ ഇവർ കൂടി പങ്കാളികളായിരുന്നുവെന്ന് എഴുതി വിട്ടത് എടുത്തു കാണിക്കാൻ തക്ക പ്രവർത്തനങ്ങൾ സ്വന്തം സംഘടനയിൽ ഇല്ലാത്ത ഗതികേടുകൊണ്ട് തന്നെയാണ്. 1944 മുതൽ കേരളത്തിൽ പ്രവർത്തനം ആരംഭിച്ച ഇക്കൂട്ടർ പ്രാരംഭഘട്ടം മുതൽ സമുദായത്തിന് നൽകിയ സംഭാവനകൾ എന്താണെന്ന് അറിയാൻ ഇവരുടെ പുസ്തകങ്ങളെ സമീപിക്കുന്നതായിരിക്കും കൂടുതൽ അഭികാമ്യം. ജമാഅത്തെ ഇസ്‌ലാമിയുടെ സ്ഥാപക നേതാവ് മൗലാനാ മൗദൂദി സാഹിബിന്റെ പ്രഭാഷണങ്ങളിൽ നിന്നായിരുന്നല്ലോ ഇക്കൂട്ടർ പ്രചോദനം ഉൾക്കൊണ്ടിരുന്നത്. അദ്ദേഹം നടത്തിയ ഖുത്തുബകളുടെ ഒരു ക്രോഡീകരണമാണ് ‘ഖുത്തുബാത്ത്’ എന്ന പുസ്തകം; അതിലൂടെ സമുദായത്തിന് നൽകിയ ഒരു ഉദ്ബോധനം നോക്കൂ:

> മുസ്ലിം സഹോദരന്മാരേ! ‘ദീൻ’, ‘ശരീഅത്ത്’, ‘ഇബാദത്ത്’ എന്നിവയുടെ അർത്ഥവും ഉദ്ദേശ്യവും ഇതിനുമുമ്പ് ഞാൻ വിവരിച്ചു തന്നിരുന്നുവല്ലോ. ഇപ്പോഴും അതേ വിഷയത്തിലേക്ക നിങ്ങളുടെ ചിന്തയെ ഒന്നുകൂടി തിരിക്കുക.
>
> ‘ദീനി’ന്റെ അർത്ഥം അനുസരണം എന്നാകുന്നു;
>
> ‘ശരീഅത്ത്’ എന്നു നിയമവ്യവസ്ഥക്കാണ് പറയുന്നത്;
>
> ‘ഇബാദത്തു’കൊണ്ടുദ്ദേശിക്കപ്പെട്ടത് അടിമവൃത്തിയാകുന്നു.
>
> നിങ്ങൾ ഒരാളുടെ അനുസരണത്തിൽ പ്രവേശിച്ചുകൊണ്ട് അയാളെ ഭരണകർത്താവായി സ്വീകരിക്കുന്നപക്ഷം, നിങ്ങൾ അയാളുടെ ‘ദീനി’നെ സ്വീകരിച്ചുവെന്നതാണതിനർത്ഥം. അനന്തരം അയാൾ നിങ്ങളുടെ ഭരണകർത്താവും, നിങ്ങൾ അയാളുടെ പ്രജകളുമായിത്തീരുന്നതോടെ, അയാളുടെ ശാസനകളും പദ്ധതികളും നിങ്ങൾക്കുള്ള നിയമവ്യവസ്ഥ, അഥവാ ശരീഅത്തായിത്തീരുന്നു. നിങ്ങൾ അയാൾക്കു് കീഴ്പെട്ട അയാളുടെ ശരീഅത്ത് (നിയമവ്യവസ്ഥ) അനുസരിച്ച് ജീവിതം നയിക്കുകയും, അയാളാവശ്യപ്പെടുന്നതെല്ലാം തിരുമുമ്പിൽ ഹാജരാക്കുകയും, കല്പിക്കുന്നതെല്ലാം നിറവേററുകയും, വിരോധിക്കുന്നതൊക്കെ ഉപേക്ഷിക്കുകയും, അയാൾ നിശ്ചയിച്ച പരിധികളുള്ളിൽനിന്നുകൊണ്ടു പ്രവർത്തിക്കുകയും, സ്വകാര്യജീവിതം, പരസ്പരബന്ധം, കൊള്ളക്കൊടുക്കകൾ, കേസ്സുകൾ, വഴക്കുകൾ മുതലായവയിൽ അയാളുടെ നിർദ്ദേശമനുസരിച്ചു തന്നെ നടക്കുകയും, ആജ്ഞകളുടെ മുമ്പിൽ തലകുനിക്കുകയുമാണെങ്കിൽ അതിനു ഇബാദത്ത് (അടിമവൃത്തി) എന്നു പറയുന്നു.

ഈ വിശദീകരണത്തിൽനിന്ന ദീൻ എന്നാൽ യഥാർത്ഥത്തിൽ സ്റ്റെയിററ് (State) ആണെന്നും ശരീഅത്ത് ആ സ്റ്റെയിററിന്റെ നിയമവ്യവസ്ഥയാണെന്നും ആ നിയമവ്യവസ്ഥയനുസരിച്ച് ജീവിതം നയിക്കുന്നതിനാണ് ഇബാദത്ത് എന്നു പറയുന്നതെന്നുമുള്ള സംഗതി വ്യക്തമാകുന്നതാണ്. നിങ്ങൾ ഏതെങ്കിലുമൊരാളെ നിരുപാധികം വിധികർത്താവായി സമ്മതിച്ച് അയാളുടെ അടിമത്തം സ്വീകരിക്കുമ്പോൾ വാസ്തവത്തിൽ നിങ്ങളയാളുടെ 'ദീനിൽ' പ്രവേശിക്കുകയാണ് ചെയ്യുന്നത്. നിങ്ങൾ സമ്മതിച്ച വിധികർത്താവ് അല്ലാഹു ആണെങ്കിൽ അല്ലാഹുവിന്റെ 'ദീനി'ൽ പ്രവേശിച്ചു; ഇനി ഒരു രാജാവിനെയാണ് വിധികർത്താവായി സ്വീകരിച്ചതെങ്കിൽ രാജാവിന്റെ 'ദീനിൽ' പ്രവേശിച്ചു; ഒരു പ്രത്യേക സമുദായത്തെയാണെങ്കിൽ ആ സമുദായത്തിന്റെ ദീനിലാണ് നിങ്ങൾ പ്രവേശിച്ചത്. ഇനി സ്വന്തം സമുദായത്തിന്റേയോ സ്വദേശക്കാരുടേയോ ഭൂരിപക്ഷത്തെയാണ് വിധികർത്താവായി സ്വീകരിക്കുന്നതെങ്കിൽ ആ ഭൂരിപക്ഷത്തിന്റെ 'ദീനിൽ' പ്രവേശിച്ചു. ചുരുക്കത്തിൽ, ആരെ 'അനുസരിക്കുക' എന്ന 'മാല' നിങ്ങൾ കഴുത്തിലിടുന്നുവോ യഥാർത്ഥത്തിൽ അവരുടെ 'ദീനി'ലായിരിക്കും നിങ്ങൾ; ആരുടെ നിയമമനുസരിച്ച് നിരുപാധികം പ്രവർത്തിക്കുന്നുവോ, അവർക്കായിരിക്കും വാസ്തവത്തിൽ നിങ്ങൾ ഇബാദത്തുചെയ്യുന്നത്.

ഇസ്ലാമിനെ രാഷ്ട്രീയ കോണിലൂടെ വീക്ഷിച്ചുകൊണ്ട് ഇതു പോലെയുള്ള അനേകം ഗ്രന്ഥരചനകൾ അക്കാലത്ത് ഇവർ സമുദായത്തിന് നൽകിയിട്ടുണ്ട്. 'ലാ ഇലാഹ ഇല്ലല്ലാഹ് - ആദർശം, നിയമം, ജീവിത വ്യവസ്ഥ' എന്ന പുസ്തകത്തിലൂടെ രാഷ്ട്രീയത്തെ കുറിച്ച് ഇവർ പറഞ്ഞു:

രാഷ്ട്രീയം ഇബാദത്താണ്. അല്ലാഹുവിന്റെ ശരീഅത്ത് നടപ്പിലാക്കുക, ഭൂമിയിൽ ദൈവികനീതി നടപ്പിൽവരുത്തുക, മനുഷ്യമനസ്സിൽ നന്മ വളർത്തുക, തിൻമക്ക് തടയിടുക, ജനങ്ങളെ അവരുടെ നാഥന്റെ മാത്രം അടിമകളാക്കുക, മുഴുവൻ ത്വാഗൂത്തുകളിൽനിന്നും അവരെ മോചിപ്പിക്കുക എന്നീ ദൗത്യങ്ങൾ നിർവഹിക്കുമ്പോൾ രാഷ്ട്രീയം ഇബാദത്തായിത്തീരുന്നു.

രാഷ്ട്രീയം അല്ലാഹുവിനുള്ള ഇബാദത്തായി തീരണമെങ്കിൽ മതേതര ഭൗതികതത്വത്തിന് പകരം ദൈവദാസ്യവും ദൈവാനുസരണവും, ദേശീയത്വത്തിന് പകരം മനുഷ്യത്വവും, ജനാധിപത്യത്തിന് പകരം ദൈവാധിപത്യവും ജനപ്രാധിനിത്യവും നിലവിൽ വരണമെന്ന് ഇക്കൂട്ടർ ഉറക്കെ പ്രഖ്യാപിച്ചു. മതേതരത്വം, ദേശീയത്വം, ജനാധിപത്യം എന്നീ വ്യവസ്ഥിതികൾ തുടച്ചു മാറ്റുന്നതിന് വേണ്ടി ഇവർ ഇസ്‌ലിമിലെ സാങ്കേതിക പദങ്ങളെ ദുരുപയോഗം ചെയ്ത് ഒരുപാട് വിശദീകരിച്ചു. എന്നിട്ട് പറഞ്ഞു (പുസ്തകം : മതേതരത്വം, ദേശീയത്വം, ജനാധിപത്യം):

ഇവ്വിധം വിവിധ കാരണങ്ങളാലാണ് പ്രസ്തുത മൂന്നു തത്വങ്ങളുടെ അടിസ്ഥാനത്തിൽ രൂപമെടുത്ത ആധുനിക സാമൂഹികഘടനയെ നാം അതിവിപൽക്കരമെന്നു മനസ്സിലാക്കുന്നത്. നമ്മുടെ വിരോധം കേവലം മതേതര–ദേശീയ–ജനാധിപത്യ വ്യവസ്ഥിതിയോടാണ്. അതിനെ ചലിപ്പിക്കുന്ന കൈകൾ ഹിന്ദുവിന്റേയോ മുസൽമാന്റേയോ, പാശ്ചാത്യന്റെയോ പൗരസ്ത്യന്റേയോ ആരുടെ തന്നെയായാലും കൊള്ളാം. ഏതു നാട്ടിൽ, ഏതു ജനതയുടെ മേൽ ഈ ഭയങ്കര വിപത്ത് അടിച്ചേല്പിക്കപ്പെടുന്നതായാലും അവിടത്തെ ദൈവദാസൻമാരെ നാം ശക്തിയുക്തം ആഹ്വാനം ചെയ്യുന്നതായിരിക്കും, ആ വിപത്തിനെക്കുറിച്ച് ജാഗരൂകരാകുവാൻ! അതിനെ തുടച്ചു മാറ്റി ഒരു ഉത്തമ സാമൂഹികവ്യവസ്ഥിതി സ്ഥാപിക്കുവാൻ!!

അതേപുസ്തകത്തിൽ തുടർന്ന് കാണാം:

സുഹൃത്തുക്കളേ, വളരെ സംക്ഷിപ്തമായി വിവരിച്ച ഈ മൂന്ന് തത്വങ്ങളും അഭിനവ സംസ്കാരത്തിന്റേതായ 'ദേശീയ മതേതര ജനാധിപത്യ വ്യവസ്ഥിതി'ക്കെതിരിൽ, ഒരു ദൈവിക മാനുഷിക ജനപ്രാതിനിധ്യ വ്യവസ്ഥിതിയുടെ സംസ്ഥാപനത്തെയാണാവശ്യപ്പെടുന്നതെന്ന് സ്പഷ്ടം; അതത്രേ ജമാഅത്തെ ഇസ്‌ലാമിയുടെ ലക്ഷ്യവും. പ്രസ്തുത രണ്ട് വ്യവസ്ഥകൾ തമ്മിലുള്ള അജഗജാന്തരം ഒറ്റനോട്ടത്തിൽതന്നെ പ്രസ്പഷ്ടമാണ്.

അപ്പോൾ ജമാഅത്തെ ഇസ്‌ലാമി എന്ന പ്രസ്ഥാനത്തിന്റെ രൂപീകരണ ലക്ഷ്യം എന്താണെന്ന് നാം മനസ്സിലാക്കി. ഇനി അവർ അതിനു വേണ്ടി കാണിച്ചു തന്ന മാർഗനിർദേശങ്ങളോ? അതുകൂടി നമുക്ക് അവരുടെ പുസ്തകത്തിലൂടെ കണ്ണോടിച്ചുനോക്കാം. ജിഹാദ് എന്ന പുസ്തകത്തിലൂടെ ഇവർ നൽകിയ സേവനം കാണുക:

> ഈ ഇസ്‌ലാമിക പാർട്ടി രൂപംകൊള്ളുന്നതോടെ അത് നിലവിൽവന്ന ലക്ഷ്യസാക്ഷാല്ക്കാരത്തിന്റെ മാർഗ്ഗത്തിൽ ജിഹാദ് ആരംഭിക്കുകയായി. അനിസ്‌ലാമികമായ അടിത്തറകളിൽ നിലനിൽക്കുന്ന ഭരണവ്യവസ്ഥകളെ നശിപ്പിക്കുക, അവയെ വേരോടെ പിഴുതെറിയുക, പകരം വിശുദ്ധ ഖുർആൻ "അല്ലാഹുവിന്റെ വചനം"[2] എന്ന് വിശേഷിപ്പിച്ച നീതിനിഷ്ഠവും മദ്ധ്യമവുമായ നിയമങ്ങളുടെ അസ്ഥിവാരത്തിൽ സ്ഥാപിതമായ സാമൂഹികക്രമം സംസ്ഥാപിക്കുക എന്നതാണത്. ഇവക്കെല്ലാംവേണ്ടി അത്യദ്ധ്വാനം ചെയ്യുന്നതിൽനിന്ന് ഒഴിവാകാതിരിക്കുകയെന്നത് അതിന്റെ പ്രകൃതത്തിലും താല്പര്യത്തിലും പെട്ടതാണ്. ഈ പാർട്ടി ഇസ്‌ലാമിക സിദ്ധാന്തങ്ങളിലധിഷ്ഠിതമായ നിയന്ത്രണത്തിനും സത്യത്തിന്റെ സംസ്ഥാപനത്തിനും ഭരണസമ്പ്രദായത്തിന്റെ പരിവർത്തനത്തിനും സാദ്ധ്യമായ ശ്രമങ്ങളും വ്യയം ചെയ്യുകയും ഈ മാർഗ്ഗത്തിൽ ശരിയാംവിധം ജിഹാദ് നടത്തുകയും ചെയ്യുന്നില്ലെങ്കിൽ ലക്ഷ്യം പൂർത്തീകരിക്കുന്നതിലും പാർട്ടിയുടെ രൂപീകരണോദ്ദേശ്യം അന്വർത്ഥമാക്കുന്നതിലും അത് പരാജയപ്പെട്ടതായാണ് കണക്കാക്കപ്പെടുക. കാരണം അല്ലാഹുവിന്റെ പാർട്ടി സംഘടിപ്പിക്കപ്പെട്ടതുതന്നെ നീതിയുടേയും സത്യത്തിന്റേയും വ്യവസ്ഥ സംസ്ഥാപിക്കുകയെന്ന ലക്ഷ്യസാക്ഷാൽക്കാരത്തിനാണ്. ഈ മാർഗ്ഗത്തിലുള്ള ജിഹാദല്ലാതെ മറ്റൊന്നും അതിന്ന് ചെയ്യാനില്ല. അല്ലാഹുവിന്റെ വിശുദ്ധഗ്രന്ഥത്തിൽ ഈ പാർട്ടിയുടെ ഏക ഉദ്ദേശ്യം അതുമാത്രമാണ്. അവൻ പറയുന്നു:
>
> "നിങ്ങൾ മനുഷ്യരാശിക്കുവേണ്ടി നിയോഗിക്കപ്പെട്ട ഉത്തമസമുദായമാണ്". നിങ്ങൾ നന്മ കൽപ്പിക്കുന്നു. തിന്മ വിരോധിക്കുന്നു. അല്ലാഹുവിൽ ദൃഢമായി വിശ്വസിക്കുകയും ചെയ്യുന്നു."[3]

നന്മ ഉപദേശിക്കലും തിന്മ വിരോധിക്കലും എന്ന ഉത്തമമായ വചനം അല്ലാഹുവിന്റെ ദീൻ അഥവാ സ്റ്റേറ്റ് സംസ്ഥാപിക്കാൻ നടത്തുന്ന പോരാട്ടത്തിലേക്കാണ് ഇക്കൂട്ടർ കൊണ്ടെത്തിച്ചത്. ഭൂമിയിലെ ഭരണാധികാരം അമുസ്‌ലിമുകളുടെ കരങ്ങളിലാണെങ്കിൽ അവയെ അനുസരിക്കൽ ശിർക്കാണെന്നും അതിനുപകരമായി അല്ലാഹുവിന്റെ ദീൻ സ്ഥാപിക്കാൻ നിരന്തരം പോരാട്ടം നടത്തണമെന്നും ആവശ്യപ്പെട്ട് പടച്ചതമ്പുരാന്റെ സ്വിഫത്തുകൾ തന്നെ മറന്ന പ്രകാരം ഇക്കൂട്ടർ പ്രബോധനം നടത്തി. ജിഹാദ് എന്ന പുസ്തകത്തിൽ പറയുന്നത് നോക്കൂ:

> ഭൂമിയിലെ ഭരണാധികാരം ഏതെങ്കിലും വ്യക്തികളുടെ കരങ്ങളിലായിരിക്കുന്നേടത്തോളം കാലം അല്ലാഹുവിന്റെ ആധിപത്യം ഇവിടെ നിലനില്ക്കുകയില്ല. അവർ ചർച്ചുകളുടെ അധികാരഘട്ടങ്ങളിലേതുപോലെ മതപുരോഹിതരായിരുന്നാലും വൈദികഭരണകാലത്തെപ്പോലെ ദൈവങ്ങളുടെ പേരിൽ സംസാരിക്കുന്നവരായിരുന്നാലും ശരി! മറിച്ച് ഭരണം നിർവ്വഹിക്കുന്നത് ദൈവിക നിയമവ്യവസ്ഥയായിരിക്കണം. കാര്യങ്ങൾ തീരുമാനിക്കപ്പെടുന്നത് അല്ലാഹു നിശ്ചയിച്ചക്രമത്തിന്ന് അനുസ്യൂതമായിരിക്കുകയും വേണം.

ഇന്നാലില്ലാഹി വ ഇന്നാ...... എന്താണ് ഇക്കൂട്ടർ എഴുതിവിട്ടത്. ഭൂമിയിലെ ഭരണാധികാരം ഏതെങ്കിലും വ്യക്തികളുടെ കരങ്ങളിലായിരിക്കുന്നേടത്തോളം കാലം അല്ലാഹുവിന്റെ ആധിപത്യം ഇവിടെ നിലനില്ക്കുകയില്ല എന്ന്. അപ്പോൾ നമ്മൾ അല്ലാഹുവിന്റെ ആധിപത്യം അല്ലാഹുവിന് തിരിച്ചു പിടിച്ചുകൊടുക്കാൻ വേണ്ടി അനിസ്‌ലാമിക വ്യവസ്ഥകളോട് പോരാട്ടം നടത്തണം. ഇത്രക്കും കഴിവുകെട്ട ഒരു അല്ലാഹുവിനെയാണോ ജനങ്ങൾക്ക് പരിചയപ്പെടുത്തേണ്ടത്?!!! യഥാർത്ഥത്തിൽ അല്ലാഹുവാണ് തന്റെ ദാസർക്ക് ഭരണം നൽകുന്നതും അത് എടുത്ത് കളയുന്നതും. അല്ലാഹു സൂറ ആലു ഇംറാനിലൂടെ പറയുന്നു:

26. പറയുക: ആധിപത്യത്തിന്റെ ഉടമസ്ഥനായ അല്ലാഹുവേ, നീ ഉദ്ദേശിക്കുന്നവർക്ക് നീ ആധിപത്യം നൽകുന്നു. നീ ഉദ്ദേശിക്കുന്നവരിൽ നിന്ന് നീ ആധിപത്യം എടുത്തുനീക്കുകയും ചെയ്യുന്നു. നീ ഉദ്ദേശിക്കുന്നവർക്ക് നീ പ്രതാപം നൽകുന്നു. നീ ഉദ്ദേശിക്കുന്നവർക്ക് നീ നിന്ദ്യത വരുത്തുകയും ചെയ്യുന്നു. നിന്റെ കൈവശമത്രെ നന്മയുള്ളത്. നിശ്ചയമായും നീ എല്ലാ കാര്യത്തിന്നും കഴിവുള്ളവനാകുന്നു.

قُلِ اللَّهُمَّ مَالِكَ الْمُلْكِ تُؤْتِي الْمُلْكَ مَن تَشَاءُ وَتَنزِعُ الْمُلْكَ مِمَّن تَشَاءُ وَتُعِزُّ مَن تَشَاءُ وَتُذِلُّ مَن تَشَاءُ ۖ بِيَدِكَ الْخَيْرُ ۖ إِنَّكَ عَلَىٰ كُلِّ شَيْءٍ قَدِيرٌ ﴿٢٦﴾

അധികാരം ഒരു അമാനത്താണെന്ന് പഠിപ്പിച്ച പ്രവാചകന്റെ (സ) അനുയായികളാണ് ഇപ്രകാരം എഴുതിവിടുന്നത് എന്നതും ഖേദകരം തന്നെ. അല്ലാഹുവിന് തന്റെ ആധിപത്യം തിരിച്ചുപിടിച്ചുകൊടു ക്കേണ്ടത് ഇന്ത്യയിൽ മാത്രമല്ല, മറിച്ച് ലോകത്തുമുഴുവൻ അതിനു വേണ്ടി കടന്നാക്രമിച്ചുകൊണ്ട് പോരാട്ടം നടത്താൻ ശ്രമിക്കണമെന്നതും ഇവരുടെ സമുദായ സേവനങ്ങളിൽ ഉൾപ്പെടുന്നു. ജിഹാദ് എന്ന പുസ്തകം തന്നെ പറയട്ടെ:

അതിനാൽ മുസ്‌ലിംസമൂഹം അതിന്റെ ഘടന സംരക്ഷിക്കാനും നന്മകൈവരുത്താനുമായി ഇസ്‌ലാമിക ഭരണവ്യവസ്ഥിതി ഏതെങ്കിലും ഒരു ഭൂപ്രദേശത്ത് നിലനില്ക്കുന്നതുകൊണ്ട് മാത്രം തൃപ്തിപ്പെടാൻ പാടില്ല. മറിച്ച് ഈ വ്യവസ്ഥയുടെ വൃത്തം വ്യാപിപ്പിക്കാനും അതിന്റെ നേട്ടം ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെത്തിക്കാനും അത്യധ്വാനം ചെയ്യേണ്ടതു് അനിവാര്യമായ ബാധ്യതയാണ്. അതിനാൽ ഇസ്‌ലാമികചിന്ത പ്രചരിപ്പിക്കുക. ലോകത്തെങ്ങും അതിന്റെ സമ്പൂർണ്ണമായ വീക്ഷണങ്ങൾ വ്യാപിപ്പിക്കുക വിവിധ നാടുകളിലെ നിവാസികളോടും വ്യത്യസ്തവർഗ്ഗങ്ങളോടും വിഭിന്ന വിഭാഗങ്ങളോടും അവരുടെ ഇഹപരരക്ഷയുടെ നിദാനമായ ഈ ആദർശം സ്വീകരിക്കാനും അതിന്റെ വ്യവസ്ഥക്ക് കീഴ്പ്പെടാനും ആവശ്യപ്പെടുക—ഇതിനെല്ലാം ഇസ്‌ലാമികപാർട്ടി പരമാവധി പരിശ്രമിക്കേണ്ടതാണ്. മറുവശത്ത് ആവശ്യമായ സജ്ജീകരണങ്ങളുണ്ടാവുകയും സാധ്യമാവുകയും ചെയ്യുന്നുവെങ്കിൽ നീതിക്കും സത്യത്തിനും വിരുദ്ധമായ തെറ്റായ വ്യവസ്ഥിതികളെ ശക്തിയുപയോഗിച്ച് നേരിടാനും പകരം കാലപ്പഴക്കം ജീർണ്ണതവരുത്താത്ത അനശ്വരമായ ഇസ്‌ലാമികസിദ്ധാന്തങ്ങളിലൂന്നിനില്ക്കുന്ന നീതിയുടെയും ന്യായത്തിന്റെയും ക്രമം സംസ്ഥാപിക്കാനും കഴിയുംവിധം യത്നിക്കുകയുംവേണം.

അതേ പുസ്തകം വീണ്ടും പറയുന്നു:

യഥാർത്ഥത്തിൽ ഇസ്‌ലാമിലെ ജിഹാദ് ഒരേസമയം കടന്നാക്രമണപരവും പ്രതിരോധപരവുമാണ്. ഇസ്‌ലാമികപാർട്ടി, അനിസ്‌ലാമികാദർശങ്ങളിലധിഷ്ഠിതമായ വ്യവസ്ഥകളെ എതിർക്കുകയും, അവയുടെ അടിവേരറുക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. അതിനായി സമരശക്തി വിനിയോഗിക്കാൻ അതു് വിമുഖതകാണിക്കുകയില്ല. ആ നിലക്ക് അതു് കടന്നാക്രമണപരമാണ്. അതേസമയം ഇസ്‌ലാമിക പരിപാടികൾക്കും പദ്ധതികൾക്കും അനുസൃതമായി പ്രവർത്തിക്കാൻ സൗകര്യപ്പെടുന്നവിധം രാഷ്ട്രനിർമ്മാണം നിർവ്വഹിക്കാൻ അതു് പ്രതിജ്ഞാബദ്ധമാണ് എന്നതിനാൽ അത് പ്രതിരോധപരമാണ്. ഭൂമിശാസ്ത്രപരമായ അതിർവരമ്പുകളോടുകൂടിയ പ്രതിരോധിക്കപ്പെടേണ്ട ഒരു രാഷ്ട്രം ഒരു പാർട്ടിയെന്നനിലയിൽ ഇസ്‌ലാമിനില്ല. അതിന് സംരക്ഷിക്കുവാനും പ്രതിരോധ സംരംഭങ്ങൾ സംഘടിപ്പിക്കപ്പെടാനുമുള്ളത് ആദർശങ്ങളും സിദ്ധാന്തങ്ങളുമാണ്. ഇപ്രകാരംതന്നെ ഇസ്‌ലാമികാദർശത്തിന്ന് വിരുദ്ധമായ പാർട്ടികൾ ഭരിക്കുന്ന രാഷ്ട്രങ്ങളെയല്ല അതാക്രമിക്കുക. മറിച്ച് ആശയങ്ങളെയും തത്വങ്ങളെയുമാണ്. എന്നാൽ എതിരാളികൾ തങ്ങളുടെ ആദർശവും വിശ്വാസവും ഒഴിവാക്കുകയും ഇസ്‌ലാം സ്വീകരിക്കുകയും ചെയ്യാൻ അതൊരിക്കലും നിർബ്ബന്ധിക്കുന്നില്ല. മറിച്ച് അതുദ്ദേശിക്കുന്നതു് തെറ്റായ സിദ്ധാന്തങ്ങളിലും വ്യവസ്ഥിതികളിലും വിശ്വസിക്കുന്ന അവരുടെ കൈകളിൽനിന്ന് നേതൃത്വം നീക്കം ചെയ്യുകയും ഭൂമിയിൽ കുഴപ്പമില്ലാതിരിക്കുകയും വിധേയത്വം മുഴുവൻ അല്ലാഹുവിനായിത്തീരുകയും ചെയ്യത്തക്കവിധം സത്യത്തിന്റെ പതാകവാഹകർ നായകത്വത്തിലേക്ക് ഉയർത്തപ്പെടേണമെന്നും മാത്രമാണ്.

അല്ലാഹുവിന് വേണ്ടി നമസ്കാരം, നോമ്പ് തുടങ്ങിയവ മാത്രമല്ല മിറച്ച് ഇസ്ലാമിക ഭരണസംസ്ഥാപനത്തിനള്ള യുദ്ധവും ഇസ്ലാമിന്റെ സ്തംഭങ്ങളിൽപ്പെട്ടതാണെന്ന് പറഞ്ഞ് യുവാക്കളുടെ മസ്തിഷ്കം ഇളക്കിമറിച്ചു. ജിഹാദ് പുസ്തകം തന്നെ അക്കാര്യം പറയട്ടെ:

ഇതിലൂടെയും തൊട്ടടുത്ത വാക്യങ്ങളിലൂടെയും അല്ലാഹു മുസ്‌ലിംകളെ എപ്രകാരമാണ് കരുതലോടെയിരിക്കാനും, സന്ദർഭോചിതം ഒററക്കും, കൂട്ടായും സൈന്യത്തോടൊപ്പവുമുള്ള പോരാട്ടം പരിശീലിക്കാനും പ്രേരിപ്പിക്കുന്നതെന്ന് ഗ്രഹിക്കാവുന്നതാണ്. യുദ്ധത്തിൽനിന്ന് ഒഴിഞ്ഞുനിൽക്കുന്നവരെയും, പിന്തിപ്പോകുന്നവരെയും പ്രയോജനാത്മകവാദികളേയും ഭീരുക്കളേയും എത്ര കഠിനമായാണ് ശാസിക്കുന്നതെന്ന് മനസ്സിലാക്കാവുന്നതാണ്. ഇപ്രകാരംതന്നെ മർദ്ദിതരുടെ മോചനത്തിനും ദുർബലരുടെ രക്ഷക്കുംവേണ്ടി സമരം ചെയ്യാൻ മുസ്‌ലിംകളെ സജ്ജമാക്കുന്നത് എങ്ങിനെയെന്നും ഉൾക്കൊള്ളാവുന്നതാണ്. അല്ലാഹു നമസ്കാരത്തേയും നോമ്പിനെയും പോലെത്തന്നെയാണ് യുദ്ധത്തേയും കണക്കാക്കിയിട്ടുള്ളത്. അവയെപ്പോലെത്തന്നെ അതും ഇസ്‌ലാമിന്റെ സ്തംഭങ്ങളിൽപെട്ടതാണ്. ഉപര്യുക്ത ഖുർആൻ വാക്യങ്ങൾ ചഞ്ചലരുടെ സംശയങ്ങൾ നശിപ്പിക്കുന്നു. അചഞ്ചലചിത്തരും ദൃഢമാനസരുമായി മരണത്തെ അഭിമുഖീകരിക്കാനും രണാങ്കണത്തിൽ കടന്നുചെല്ലാനും ഭീരുക്കളെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. എന്തുതന്നെയായാലും മരണം അവരെ ബാധിക്കുമെന്നും അതു് ഒരിക്കലും അസംഭവ്യമല്ലെന്നും അവർക്കു് വ്യക്തമാക്കികൊടുക്കുന്നു. സമരംചെയ്തു് മരിച്ചാൽ ഐഹികജീവിതത്തിനു് അതിമഹത്തായ പകരം ലഭിക്കുമെന്നും അല്പംപോലും അനീതിക്കിരയാവുകയില്ലെന്നും അവർക്കു് മനസ്സിലാക്കികൊടുക്കുകയും ചെയ്യുന്നു.

ദീനിനു വേണ്ടിയുള്ള പോരാട്ടം പ്രതിരോധത്തിനുവേണ്ടിയുള്ളതായിരുന്നു എന്നത് ജമാഅത്തെ ഇസ്ലാമിയുടെ പുതിയ ജല്പനം മാത്രമാണ്. അങ്ങനെ പറയുന്നവരെ നിസ്സാരമാക്കിക്കൊണ്ട് ജിഹാദ് എന്ന പുസ്തകത്തിലൂടെ ഇവർ എഴുതി വിട്ടത് കാണുക:

ഇസ്‌ലാമികപ്രസ്ഥാനത്തിന് നിരവധി ഘട്ടങ്ങളുണ്ട്. ഓരോ ഘട്ടങ്ങളിലും ഉയർന്നുവരുന്ന മുഴുവൻ പ്രായോഗികപ്രശ്നങ്ങൾക്കും അതിൽ അനുയോജ്യങ്ങളായ പരിഹാരങ്ങളുണ്ട്. ഓരോ ഘട്ടവും അടുത്തു വരുന്ന ഘട്ടത്തിന് രംഗമൊരുക്കുന്നു. ഇസ്‌ലാം സംഭവങ്ങളെ കേവലം സങ്കല്പങ്ങൾകൊണ്ടല്ല അഭിമുഖീകരിക്കുന്നത്. അവയുടെ വിവിധ ഘട്ടങ്ങളെ നിർജ്ജീവമായ മാർഗ്ഗങ്ങളുമായല്ല സമീപിക്കുന്നത്. ഇസ്‌ലാമിലെ ജിഹാദിനെ വിശകലനം ചെയ്യുന്ന ഖുർആനിക പ്രമാണങ്ങൾ പരിശോധിക്കുന്ന അധികമാരും ഈ സവിശേഷത ശ്രദ്ധിക്കാറില്ല. ഇസ്‌ലാമിക വ്യവസ്ഥിതി തരണംചെയ്ത പ്രസ്തുത ഘട്ടങ്ങളുടെ സ്വഭാവം മനസ്സിലാക്കാറുമില്ല. അവയിൽ ഓരോ ഘട്ടവുമായുള്ള വിശുദ്ധ ഖുർആനിലെ വിവിധ പ്രമാണങ്ങളുടെ ബന്ധം പരിഗണിക്കാറുമില്ല. ഇങ്ങിനെ ചെയ്യുന്നവർ ഗുരുതരമായ പാതകമാണ് പ്രവർത്തിക്കുന്നത്. ഈ ദീനിന്റെ മാർഗത്തെ വളരെയേറെ വികലമാക്കുകയുമാണവർ. ഖുർആനിക പ്രമാണങ്ങൾക്ക് അയഥാർത്ഥമായ അർത്ഥവും ആശയവും കല്പിച്ചുവെക്കുകയും ചെയ്യുന്നു. ജിഹാദിനെ സംബന്ധിച്ച എല്ലാ ഖുർആനിക പ്രഖ്യാപനങ്ങളേയും അവസാന വിധിയായി കണക്കാക്കുന്നതിനാലാണിത്. നാമമാത്ര മുസ്‌ലിംകളുടെ പ്രവർത്തനങ്ങളിലെ നിരാശാജന്യമായ അവസ്ഥകളുടെ സമ്മർദ്ദങ്ങൾക്ക് വിധേയമായി ബുദ്ധിപരമായും ആത്മീയമായും അപജയം ബാധിച്ച ഇക്കൂട്ടർ പറയുന്നു: ഇസ്‌ലാം പ്രതിരോധത്തിനല്ലാതെ ജിഹാദ് ചെയ്യുകയില്ല! ഈ വാദം ഇസ്‌ലാമിനെ "മഹിത"മാക്കാനുള്ളതാകയാൽ തങ്ങളുടെ പ്രചാരണം ഒരു സേവനമാണെന്നവർ വിചാരിക്കുന്നു. എന്നാൽ ഇസ്‌ലാമിന്റെ ലക്ഷ്യം ഭൂമിയിലെ മുഴുവൻ താഗൂത്തുകളേയും നീക്കി മാററി ജനങ്ങളെ അല്ലാഹുവിന്റെ മാത്രം അടിമകളാക്കലാണ്. അടിമകളുടെ അടിമത്തത്തിൽനിന്ന് ഉടമയുടെ അടിമത്തത്തിലേക്ക് അവരെ മോചിപ്പിച്ചെടുക്കലാണ്. ഇസ്‌ലാമികവിശ്വാസം സ്വീകരിക്കാൻ അതാരേയും നിർബന്ധിക്കുന്നില്ല. അതോടൊപ്പം ദൈവികദീനിനും ജനങ്ങൾക്കുമിടയിൽ മറ സൃഷ്ടിക്കാൻ ആരേയും അനുവദിക്കുകയുമില്ല. അതിനാൽ അന്യായമായ രാഷ്ട്രീയാധിപത്യങ്ങളെ നശിപ്പിക്കുകയോ, അവ ഇസ്‌ലാമിന് കീഴടങ്ങി ജിസ്‌യ നൽകുകയോ ചെയ്തശേഷം ജനങ്ങൾക്ക് തങ്ങളുടെ ഇഷ്ടാനുസരണം അതിന്റെ വിശ്വാസം അംഗീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യാവുന്നതാണ്.

ചുരുക്കത്തിൽ ലോകവ്യാപകമായി തീവ്രവാദം വളരാൻ മൗദൂദി സാഹിബ്, സയ്യിദ് ഖുതുബ്, ഹസനുൽബന്ന തുടങ്ങിയവരുടെ തീപ്പൊരി പ്രഭാഷണങ്ങളും പ്രസിദ്ധീകരണകളും കാരണമായി. അത് മലയാളികൾക്കിടയിൽ പരിഭാഷപ്പെടുത്തിക്കൊണ്ട് സിമി കുട്ടികളെ വളർത്താനും അവസാനം അവർ കുടുംബത്തിൽ നിന്ന് പിണങ്ങി പോയപ്പോൾ; തുടർന്നു വന്ന എൻ.ഡി.എഫ് എന്ന പ്രസ്ഥാനത്തിനു വളമായതും ഇവരുടെ പഴയ പുസ്തകങ്ങൾ തന്നെ!. അതായത് ആദ്യകാലങ്ങളിൽ ജമാഅത്തെ ഇസ്‌ലാമി സമുദായത്തിനും രാജ്യത്തിനും നൽകിയ മുഖ്യമായ സേവനങ്ങളിൽ ഒന്ന് തീവ്രവാദം എന്നതാകും ശരി. 'മതേതരത്വം, ദേശീയത്വം, ജനാധിപത്യം' എന്ന പുസ്തകത്തിലൂടെ സമുദായത്തിനു നൽകിയ ഇവരുടെ ഒരു സേവനം കൂടി അവസാനമായി നിങ്ങൾ വായിക്കുക:

മുസൽമാൻമാരെ സംബന്ധിച്ചിടത്തോളം, ഞാനിതാ അവരോട് തുറന്ന് പ്രസ്താവിക്കുന്നു: ആധുനിക മതേതര ദേശീയ ജനാധിപത്യം നിങ്ങളുടെ ഇസ്‌ലാമിനും ഈമാനിനും കടകവിരുദ്ധമാണ്. നിങ്ങളതിന്റെ മുമ്പിൽ സർവാത്മനാ തല കുനിക്കുകയാണെങ്കിൽ നിങ്ങളുടെ വിശുദ്ധ ഖുർആനെ പിറകോട്ടു വലിച്ചെറിയലായിരിക്കും. നിങ്ങളതിന്റെ സ്ഥാപനത്തിലും നടത്തിപ്പിലും പങ്കുവഹിക്കുകയാണെങ്കിൽ നിങ്ങളുടെ തിരുദൂതനോട് ചെയ്യുന്ന കടുത്ത വഞ്ചനയായിരിക്കും. നിങ്ങളതിന്റെ കൊടിപിടിക്കുകയാണെങ്കിൽ നിങ്ങളുടെ ദൈവത്തിനെതിരെ രാജദ്രോഹക്കൊടി ഉയർത്തലായിരിക്കും. ഏതൊരു പരിശുദ്ധ ഇസ്‌ലാമിന്റെ പേരിൽ മുസ്‌ലിംകളെന്നു നിങ്ങൾ സ്വയം അവകാശപ്പെടുന്നുണ്ടോ അതിന്റെ ആത്മാവും ഈ അവിശുദ്ധ വ്യവസ്ഥിതിയുടെ ആത്മാവും തമ്മിൽ തുറന്ന സമരത്തിലാണ്. അതിന്റെ മൗലിക തത്ത്വങ്ങളും ഇതിന്റെ മൗലിക തത്ത്വങ്ങളും തമ്മിൽ പ്രത്യക്ഷ സംഘട്ടനമാണ്. അതിന്റെ ഓരോ ഘടകവും ഇതിന്റെ ഓരോ ഘടകവുമായി സന്ധിയില്ലാത്ത യുദ്ധമാണ്. പ്രസ്തുത വ്യവസ്ഥിതിയുമായി ഇസ്‌ലാം യോജിക്കുന്ന ഒറ്റ പോയിന്റുമില്ല. ആ വ്യവസ്ഥിതി അധികാരം വാഴുന്നിടത്ത് ഇസ്‌ലാം വെറും ജലരേഖയായിരിക്കും. ഇസ്‌ലാമിന് സ്വാധീനമുള്ള ദിക്കിൽ ആ വ്യവസ്ഥയ്ക്ക് സ്ഥാനവുമുണ്ടാവുകയില്ല. നിങ്ങൾ പരിശുദ്ധ ഖുർആനും തിരുദൂതരും ആവിഷ്കരിച്ച ഇസ്‌ലാമിലാണ് യഥാർഥത്തിൽ വിശ്വസിക്കുന്നതെങ്കിൽ, നിങ്ങൾ എവിടെയായിരുന്നാലും ശരി, മതേതര ഭൗതികത്വ സിദ്ധാന്തത്തിലധിഷ്ഠിതമായ ഈ ദേശീയ ജനായത്തത്തെ പ്രതിരോധിക്കുകയും പകരം ദൈവവിശ്വാസത്തിലധിഷ്ഠിതമായ ആ മാനുഷിക പ്രാതിനിധ്യത്തിന്റെ സ്ഥാപനാർഥം സമരം നടത്തുകയും ചെയ്യേണ്ടത് നിങ്ങളുടെ ഒഴിച്ചുകൂടാനാവാത്ത മതകർത്തവ്യം മാത്രമാകുന്നു; നിങ്ങൾക്ക് ഒരു പ്രത്യേക ജനതയെന്ന നിലയിൽ സ്വാതന്ത്ര്യവും സ്വയം നിർണയാവകാശവും ലഭിക്കുന്നേടത്ത് വിശേഷിച്ചും. യഥാർഥ ഇസ്‌ലാമിക വ്യവസ്ഥിതിക്കു പകരം, ഈ 'കുഫ്ർ' വ്യവസ്ഥയാണ് നിങ്ങൾ സ്വന്തം കരങ്ങൾകൊണ്ട് നിർമിച്ചു നടത്തുന്നതെങ്കിൽപ്പിന്നെ നിങ്ങളോട് എനിക്കൊന്നും പറയാനില്ല. ''ഇസ്‌ലാം അപകടത്തിൽ'' എന്ന മുദ്രാവാക്യം മുഴക്കിക്കൊണ്ട് നാടുനീളെ ബഹളവും കോലാഹലവും സൃഷ്ടിച്ചുവിട്ട നിങ്ങൾ, ആ ഇസ്‌ലാമിനെ പ്രയോഗത്തിൽ വരുത്താനുള്ള അവസരം കൈവരുമ്പോൾ അമാന്തം കാണിക്കുകയും ഇസ്‌ലാമിന്റെ സ്ഥാനത്ത് കുഫ്റിനെ പ്രതിഷ്ഠിക്കുകയുമാണെങ്കിൽ നിങ്ങളുടെ ഈ വ്യാജജടിലമായ 'മുസ്‌ലിംവാദം' എത്ര ജുഗുപ്സാവഹം!

കഴിഞ്ഞുപോയ കാര്യങ്ങൾ പലതും ജമാഅത്തെ ഇസ്‌ലാമി ഇപ്പോൾ മാറ്റിപ്പറയുന്നുണ്ടെങ്കിലും; അത് തെറ്റ് പറ്റിയതായിരുന്നു എന്ന് ഉറക്കെ പറയാൻ മുന്നോട്ടു വരാത്തിടത്തോളം കാലം ഈ അഴുകിയ ഭാണ്ഡം ഇക്കൂർട്ടർക്കു ചുമക്കേണ്ടിവരും.

ഗുണകാംക്ഷയോടെ

അൻവർ